**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1376** **28-07-2021 - ൽ മറുപടിയ്ക്ക്**

**വനിതാ പോലീസ് തസ്തിക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കാറ്റഗറി നം 635/2017 പ്രകാരം പി.എസ്.സി വനിതാപോലീസ് തസ്തികയിലേയ്ക്ക് നടത്തിയ പരീക്ഷയിലെ റാങ്ക് ലിസ്റ്റിൽ നിന്നും നിലവിൽ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് എന്നും എത്ര പേർക്കുള്ള നിയമന ശുപാർശ തയാറാക്കി വരികയാണെന്നുമുള്ള വിവരം അറിയിക്കാമോ; | (എ) | 26.07.2021 വരെ ഈ റാങ്ക് ലിസ്റ്റിലേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ : 703 ഈ റാങ്ക് ലിസ്റ്റിൽ നിന്നും നൽകിയ നിയമന ശിപാർശകളുടെ എണ്ണം : 702 ഒരെണ്ണം എൻ. സി. എ. |
| (ബി) | പ്രസ്തുത തസ്തികയിൽ വിവിധ ജില്ലകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ട് എന്നുള്ള വിവരം ലഭ്യമാക്കാമോ; | (ബി) | വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഒഴിവ് നിലവിലില്ല. |
| (സി) | നിലവിൽ കേരളാ പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം എത്രയാണെന്ന് അറിയിക്കാമോ; | (സി) | 9% |
| (ഡി) | പോലീസിലെ വനിതാ പ്രാതിനിധ്യം 25% മായി ഉയർത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും ആയതിലേയ്ക്കായി വനിതാപോലീസ് തസ്തികയിലേയ്ക്ക് എത്ര പുതിയ പോസ്റ്റുകൾ സൃഷ്ടിക്കേണ്ടി വരുമെന്നും അറിയിക്കാമോ; | (ഡി) | പോലീസിലെ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിന്റെ ഭാഗമായി 30.01.2017 തീയതിയിലെ സ. ഉ.(കൈ)നമ്പർ.15/2017/ ആഭ്യന്തരം ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചു.<br>നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ 4 വനിതാ പോലീസ് സ്റ്റേഷനുകൾ പത്തനംതിട്ട, പാലക്കാട്, ഇടുക്കി, കാസർഗോഡ് എന്നിവിടങ്ങളിൽ ആരംഭിച്ചു. സ. ഉ.(കൈ) നം. 66/2021/ ആഭ്യന്തരം തീയതി. 25.02.2021 പ്രകാരം അനുവദിച്ച സംസ്ഥാന സായുധ സേന ആറാം ബറ്റാലയനായി (KAP 6th Battalion) ആദ്യഘട്ടത്തിൽ സൃഷ്ടിക്കുന്ന 100 പോലീസ് കോൺസ്റ്റബിൾ തസ്തികകളിൽ 25 എണ്ണം വനിതകൾക്കായി അനുവദിച്ചിട്ടുണ്ട്. |
| (ഇ) | കാറ്റഗറി നം 635/2017 പ്രകാരം പി.എസ്.സി വനിതാപോലീസ് തസ്തികയിലേയ്ക്ക് നടത്തിയ പരീക്ഷയിലെ റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി പേർക്ക് നിയമനം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള | (ഇ) | 26-07-2021 വരെ ആകെ ഒഴിവുകൾ : 772 പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രത്യേക റിക്രൂട്ട്മെന്റ് വഴിയുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ : 34 പ്രത്യേക മേഖലകളിൽ നിന്നുള്ള പട്ടികവർഗ്ഗത്തിൽ നിന്നുള്ള നിയമനത്തിന് |

| | | | |
|---|---|---|---|
| | നടപടികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ? | | റിപ്പോർട്ട് ചെയ്ത ഒഴിവുകൾ : 35 ഈ റാങ്ക് ലിസ്റ്റിലേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ : 703 ഇവയിൽ ഉൾപ്പെട്ട എൻ.ജെ.ഡി. ഒഴിവുകൾ : 106 നിയമന ഉത്തരവ് നൽകിയവർ : 527 ഉദ്യോഗാർത്ഥികളുടെ കാരണങ്ങളാൽ നിയമനം വൈകുന്നവർ : 41 ഉത്തരവ് നൽകാനുള്ള നടപടിയിലുള്ളത് : 29 ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കെ.എ.പി ആറാം ബറ്റാലിയനിൽ 25 വനിതാ തസ്തികകൾ അനുവദിച്ചതിന് പുറമെ നാല് വനിതാ പോലീസ് തസ്തികകൾ കൂടി അനുവദിച്ചു. |

സെക്ഷൻ ഓഫീസർ